110 (1654) സബ്‌വേ നിർമ്മിക്കാൻ നടപടി

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ബി.ഇ.എം. ഹൈസ്കൂളിന് മുമ്പിൽ സബ്‌വേ നിർമ്മിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) കോഴിക്കോട് നഗരത്തിൽ ബി.ഇ.എം. ഹൈസ്കൂൾ ജംഗ്ഷനിൽ 45 ലക്ഷം രൂപ ചെലവിൽ സബ്‌വേ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ വിദഗ്ദ്ധ പരിശോധനയിൽ സബ്‌വേ നിർമ്മാണം അപ്രായോഗികമാണെന്ന് കണ്ടു. ആയതിനാൽ പ്രസ്തുത സ്ഥലത്ത് ഒരു നടപ്പാലം നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

111 (1655) സി.ഇ. ആന്റ് എൽ.എസ്-ൽ ടെണ്ടർ ചെയ്ത വർക്കുകൾ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ഇ. ആന്റ് എൽ.എസ്.-ൽ എത്ര കോടി രൂപയുടെ വർക്കുകൾ ടെണ്ടർ ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ബി) സി.ഇ. ആന്റ് എൽ.എസ്. പ്രകാരം കേരളത്തിലെ ഓരോ ചീഫ് എഞ്ചിനീയറുടെ കീഴിലും എത്ര കോടി രൂപയുടെ വർക്കുകൾവീതം ടെണ്ടർ ചെയ്തു എന്ന് വ്യക്തമാക്കുമോ;

(സി) സി.ഇ. ആന്റ് എൽ.എസ്.-ൽ ഇത്രയേറെ കോടി രൂപയുടെ വർക്കുകൾ ടെണ്ടർ ചെയ്തതിനു പിന്നിൽ വ്യാപകമായ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷണം നടത്തുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 1999 മേയ് 30 വരെ സി.ഇ. ആന്റ് എൽ.എസ്.-ൽ ഓരോ ജില്ലയ്ക്കും കിട്ടിയ തുക എത്ര;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ഇ. ആന്റ് എൽ.എസ്.-ൽ വർക്കുകൾ ടെണ്ടർ ചെയ്ത തുക ഭീമമായി വർദ്ധിക്കാൻ ഇടയായതിനെക്കുറിച്ച് വിജിലൻസ് എൻക്വയറി നടത്തുവാൻ തയ്യാറാകുമോ;

(ജി) ഇത്രയേറെ തുകയ്ക്കുള്ള വർക്ക് സി.ഇ. ആന്റ് എൽ.എസ്.-ൽ ടെണ്ടർ ചെയ്യാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ജി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly